(ഡി) നാളിതുവരെ ഓംബുഡ്സ്മാൻ വിവിധ ഇനങ്ങളിലായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11-12-2001-ലെ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. (നം.) 1105/2001 അനുസരിച്ച് പഴയ ഏഴംഗ ഓംബുഡ്സ്മാൻ സംവിധാനത്തിന് പകരം ജസ്റ്റീസ് കെ. പി. രാധാകൃഷ്ണ മേനോനെ ഏകാംഗ ഓംബുഡ്സ്മാനായി നിയമിച്ചുകൊണ്ടുള്ള പുതിയ സംവിധാനം നിലവിൽ വന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2417 പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിൽ 773 കേസുകൾ ഇതേവരെ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. കൂടാതെ ഏഴംഗ ഓംബുഡ്സ്മാൻമാരുടെ കാലത്ത് തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടായിരുന്ന 1958 കേസുകളിൽ 1536 കേസുകളും ഇതേ കാലയളവിൽ ഏകാംഗ ഓംബുഡ്സ്മാൻ തീർപ്പാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 30-5-2001 വരെ 3306 പരാതികൾ ലഭിച്ചു. ഇതിൽ 2054 പരാതികളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്.

(ഡി) ഓംബുഡ്സ്മാൻ സംവിധാനത്തിന്റെ പ്രവർത്തനത്തിന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

വർഷം	തുക
2000-2001	1,00,16,432
2001-2002	48,67,000
2002-2003	37,57,000
2003-2004	21,04,419
	(ഡിസംബർ 2003 വരെ)

വിവിധ ഇനങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂൾ ജീവനക്കാർക്ക് പുതുക്കിയ വേതനം

122 [1598] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകളിലെ ജീവനക്കാർക്ക് പുതുക്കിയ വേതനം എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ;

†ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചില പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി മാറിയതിനെത്തുടർന്ന് ഇത്തരം ജീവനക്കാർക്ക് പുതുക്കിയ ആനുകൂല്യം ലഭിക്കാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നിവേദനം ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-2002 മുതൽ.

(ബി ആന്റ് സി) തിരുവനന്തപുരം കോർപ്പറേഷനിലേക്ക് ചേർക്കപ്പെട്ട പഞ്ചായത്ത് പ്രദേശങ്ങളിലെ ഇത്തരത്തിലുള്ള ജീവനക്കാർക്ക് പുതുക്കിയ ആനുകൂല്യം അനുവദിക്കണമെന്ന് നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ വാഹനങ്ങൾ ജില്ലാ കളക്ടർമാർ ഏറ്റെടുത്ത നടപടി

123 [1599] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ വാഹനങ്ങൾ 2002-2003 വർഷങ്ങളിൽ റവന്യൂ റിക്കവറി നടപടികൾക്കും മറ്റാവശ്യങ്ങൾക്കുമായി ജില്ലാ കളക്ടർമാർ ഏറ്റെടുത്തു എന്നു വെളിപ്പെടുത്തുമോ;

(ബി) ഓരോ പഞ്ചായത്തിന്റെയും വാഹനങ്ങൾ ഓരോ മാസവും എത്ര ദിവസം വീതമാണ് ഏറ്റെടുത്തത്;

(സി) ഡിപ്പാർട്ടുമെന്റ് വാഹനമല്ലാത്തതിനാൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കിലോമീറ്റർ അടിസ്ഥാനത്തിൽ വാടക പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾക്ക് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഭരണഘടനാ സ്ഥാപനമായതിനാൽ കിലോമീറ്ററിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വാടക ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly